Mr. E. K. Kuriyppe : അരി എവിടെയാണ, ഏതു കമ്പനിക്കാരുമായിട്ടാണ ഗവണ്മെൻറ ഏർപ്പാട ചെയ്തിരിക്കുന്നതെന്ന പറയാമോ?

Mr. K. R. Narayana Aiyar: ഒരു കമ്പനിക്കാരുമായിട്ടും ഏർപ്പാടചെയ്തിട്ടില്ല. നമ്മുടെ രാജ്യത്തിലുള്ള കച്ചവടക്കാരെക്കൊണ്ടു പുറത്തുനിന്നും വാങ്ങി ഇവിടെ വില്പിക്കുവാൻ ആണ ഏർപ്പാടചെയ്തിരിക്കുന്നത്.

Mr. E. K. Kuriyppe : ഇവിടെ അരി എവിടെനിന്നുമാണ ലഭിക്കുന്നത്?

Mr. K. R. Narayana Aiyar : മദ്രാസ് പ്രാവിൻസിലുള്ള രാമനാട്, തിരുനെൽവേലി, തഞ്ചാവൂർ, തൃച്ചിനാപ്പള്ളി, മധുര, സൌത്ത ആക്കാട മുതലായ സ്ഥലങ്ങളിൽനിന്നും തിരുവിതാംകൂറിലേക്ക വേണ്ടതായ അരി സപ്ലൈ ചെയ്യുവാൻ മദ്രാസു റീജിയണൽ പ്രൈസും സപ്ലൈ ബോർഡും ഏർപ്പാടചെയ്തിട്ടുണ്ട.

Food production.

30. ***Mr. James Fletcher**: Will the Government be pleased to state :

(*a*) whether any steps have been taken by the Agricultural Department to accelerate food production drive in the State; and

(b) what increase in the paddy production is expected in the State for the first half of the year 1118.

Mr. K. R. Narayana Aiyar : (a) Yes.

(b) It is not possible to give an estimate of the increased production at present.

VOTING ON DEMANDS FOR GRANTS—(*contd.*)

DEMAND VII—PUBLIC WORKS

DEPARTMENT INCLUDING WATER WORKS AND DRAINAGE.—(*contd.*)

Mr. T. K. Kittan (*Vaikam, Kottayam and Changanacherry cum Shertala*) : സർ, പബ്ളിക്ക മരാമത്തു വേലകൾക്കു ർവ്വ,ൻഫ,വ്വഫ രൂപയാണ ചെലവാക്കുന്നത്. ഇതു ഏകദേശം ഈ രാജ്യത്തെ മുതലെടുപ്പിന്റെ അഞ്ചിലൊരംശമാണ്. ഈ തുക ശരിയായി വിനിയോഗിക്കുകയാണെങ്കിൽ അതു അനുപതുലക്ഷം ജനങ്ങൾക്കും ഒരുപോലെ ഉപയോഗമുള്ള ഒരു സംഗതിയായിത്തീരും. ഇതുപോലെ വലിയസംഖ്യകൾ ചെലവാക്കുന്ന മറ്റു തുറകളും ഉണ്ട;

LIBRARY ARCHIVES Kerala Legislative Assembly